പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : T2077

**17.06.2014**- ൽ മറുപടിക്ക്

## കാർഷിക സേവന കേന്ദ്രങ്ങൾ

**ചോദ്യം**
**ശ്രീ. സി. ദിവാകരൻ :**
**ശ്രീ. ജി.എസ്. ജയലാൽ :**
**ശ്രീമതി. ഗീതാ ഗോപി :**
**ശ്രീ. ചിറ്റയം ഗോപകുമാർ :**

**മറുപടി**
**ശ്രീ. സി.എൻ. ബാലകൃഷ്ണൻ**
(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി)

എ) സംസ്ഥാനത്ത് കാർഷിക സേവന കേന്ദ്ര (എ) ങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര കേന്ദ്രങ്ങൾ ; ഓരോ ജില്ലയിലും എത്ര വീതം ആരംഭിച്ചു എന്നറിയിക്കുമോ;

ഉണ്ട്. 2012-2013 വർഷത്തിൽ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 40 സഹകരണ സംഘങ്ങൾ മുഖേന ആദ്യഘട്ടമായി 40 ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ ആരംഭിക്കാൻ തെരഞ്ഞെടുക്കുകയും ഇതിൽ 37 സെന്ററുകൾ ഇതിനകം പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2013-2014 വർഷം 20 സഹകരണ സംഘങ്ങൾ മുഖേന 20 ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ ആരംഭിക്കാൻ ധന സഹായം നൽകിയിട്ടുണ്ട്. ടി സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. പ്രവർത്തനമാരംഭിച്ച സെന്ററുകളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1. | തിരുവനന്തപുരം | : | 3 |
| 2. | കൊല്ലം | : | 3 |
| 3. | പത്തനംതിട്ട | : | 2 |
| 4. | ആലപ്പുഴ | : | 3 |
| 5. | കോട്ടയം | : | 3 |
| 6. | ഇടുക്കി | : | 3 |
| 7. | എറണാകുളം | : | 3 |
| 8. | തൃശ്ശൂർ | : | 3 |
| 9. | പാലക്കാട് | : | 4 |
| 10. | മലപ്പുറം | : | 5 |
| 11. | കോഴിക്കോട് | : | 1 |
| 12. | വയനാട് | : | - |
| 13. | കണ്ണൂർ | : | 2 |
| 14. | കാസർഗോഡ് | : | 2 |

| | |
|---|---|
| ബി) കാർഷിക സേവന കേന്ദ്രങ്ങൾ വഴി കൂട്ട തലായി എന്തെല്ലാം സേവനങ്ങളാണ് കർഷകർക്ക് നല്കാനുദ്ദേശിക്കുന്നത് ? | (ബി) സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിലെ കാർഷിക പ്രവർത്തനങ്ങൾ ബ്ലോക്കുതലത്തിൽ ഏകോപിപ്പിക്കുക, കർഷകർക്ക് ഗുണമേന്മയുള്ള വിത്ത്, വളം കീടനാശിനി എന്നിവ ലഭ്യമാക്കുക, കർഷകർക്ക് ആവശ്യമായ ആധുനിക കാർഷിക ഉപകരണങ്ങളുടെ സേവനം ലഭ്യമാക്കുക, ആധുനിക ശാസ്ത്രീയ കൃഷിരീതികളിൽ കർഷകർക്ക് പരിശീലനം നൽകുക, ആയതിനായി യുവജന ക്ഷേമ വകുപ്പുമായി ചേർന്ന് പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, കാർഷിക വിളകളുടെ ഉൽപ്പാദന സംഭരണ വിപണന പ്രവർത്തനങ്ങൾക്ക് മികച്ച സംവിധാനങ്ങൾ ഏർപ്പെടുത്തുക, നബാർഡ്, എൻ.സി.ഡി.സി., സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ എന്നീ സ്ഥാപനങ്ങളുമായി യോജിച്ച് കർഷകർക്ക് ധനസഹായം ലഭ്യമാക്കുക എന്നിവയാണ് കർഷകർക്ക് നൽകാനുദ്ദേശിക്കുന്ന സേവനങ്ങൾ. |

**സെക്ഷൻ ഓഫീസർ**